# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2050 — 11/02/2020 ൽ മറുപടിയ്ക്ക്

### ഭക്ഷ്യസുരക്ഷാ ഓഫീസുകളിലെ വിജിലൻസ് പരിശോധന

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ ഓപ്പറേഷൻ സുരക്ഷ എന്ന പേരിൽ വിജിലൻസ് വിഭാഗം പരിശോധന നടത്തിയിരുന്നോ; | (എ) | സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ ഓപ്പറേഷൻ സുരക്ഷ എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തിയിട്ടില്ല. എന്നാൽ 13/12/2019 തീയതിയിൽ 'ഓപ്പറേഷൻ ജീവൻ' എന്ന പേരിൽ ഭക്ഷ്യ സുരക്ഷ ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | പരിശോധനയിൽ പ്രാഥമികമായി കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കും പ്രകാരമാണ്:-<br><br>1.ഭക്ഷ്യ സുരക്ഷ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന സാമ്പിൾ രജിസ്റ്റർ, ഹാജർ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, പരാതി രജിസ്റ്റർ, പ്രോസിക്യൂഷൻ രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ തുടങ്ങിയവ ഉദ്യോഗസ്ഥർ കൃത്യമായി രേഖപ്പെടുത്തുന്നില്ല.<br><br>2.സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കായി ലബോറട്ടറിയിലേക്ക് അയച്ച് പരിശോധനാ റിപ്പോർട്ട് ലഭിച്ച തുടർ അഡ്ജൂഡിക്കേഷൻ നടപടി സ്വീകരിക്കേണ്ടതായ കേസുകളിൽ |

| | | | |
|---|---|---|---|
| | | | ആർ.ഡി.ഒ കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസം വരുത്തുന്നു.<br><br>3. ഭക്ഷ്യ സുരക്ഷാ ഓഫീസിൽ ലഭ്യമായ പരാതികൾ ഒന്നും തന്നെ പരാതി രജിസ്റ്ററിൽ എഴുതി ചേർക്കുകയോ ആയതിൽ നടപടി സ്വീകരിച്ചുവെന്നോ രജിസ്റ്ററിൽ എഴുതി കാണുന്നില്ല. പരാതി രജിസ്റ്റർ കൃത്യമായി പരിപാലിച്ചു കാണുന്നില്ല.<br><br>4.പരിശോധനയ്ക്ക് അയക്കുന്ന സാമ്പിളുകളുടെ പരിശോധന റിപ്പോർട്ട് ലഭിക്കാൻ കാലതാമസം നേരിടുന്നതായി കാണുന്നു.<br><br>5.ഭക്ഷ്യസുരക്ഷാ ഓഫീസുകളിലെ സാമ്പിൾ രജിസ്റ്ററിൽ ലാബ് പരിശോധന ഫലങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല . |
| (സി) | ക്രമക്കേടുകളെ കുറിച്ച് വിജിലൻസ് നൽകിയ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പരിശോധനകളുടെ റിപ്പോർട്ട് വിജിലൻസ് ഡയറക്ടറേറ്റിൽ തയ്യാറാക്കി വരുന്നു. |

Rashmi

**സെക്ഷൻ ഓഫീസർ**